**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**03-02-2020 ൽ മറുപടിയ്ക്ക്**

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ : 17

# തീരദേശ ചരക്കുഗതാഗതം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.നൗഷാദ് :<br>ശ്രീ. കെ.കുഞ്ഞിരാമൻ :<br>ശ്രീ.എസ്.ശർമ്മ :<br>ശ്രീ. പുരുഷൻ കടലുണ്ടി : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കപ്പൽ, ബാർജ് എന്നിവ വഴിയുള്ള തീരദേശ ചരക്ക് സർവ്വീസ് പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതി വേണ്ടത്ര പുരോഗതി നേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ അത് പരിഹരിക്കാനായി കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; | (എ) 2020 ഓടെ നിലവിൽ റോഡ് / റയിൽ മാർഗ്ഗം കൈകാര്യം ചെയ്യുന്ന ചരക്കിന്റെ 40% തീരദേശ കപ്പൽ ഗതാഗത പദ്ധതി വഴി നടപ്പാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. ഇതിനുവേണ്ടി ബേപ്പൂർ, അഴീക്കൽ, കൊല്ലം, വിഴിഞ്ഞം തുറമുഖങ്ങളിൽ ചാനൽ, ബേസിൻ, വാർഫ്, റീച്ച് സ്റ്റാക്കർ, ക്രെയിനുകൾ, ടഗ്ഗുകൾ, വെയിംഗ് മെഷീൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നൽകി വന്നിരുന്ന ഇൻസെന്റീവ് മെട്രിക് ടണ്ണിന് 3 രൂപ ആക്കി വർദ്ധിപ്പിച്ചു. 2016-17 സാമ്പത്തിക വർഷം മുതൽ 2019-20 വരെ ഏകദേശം 1650 കണ്ടെയ്നറുകൾ ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കൈകാര്യം ചെയ്തിട്ടുണ്ട്. സർക്കാർ നൽകുന്ന ഇൻസെന്റീവ് കൂടുതൽ ഫലപ്രദമാക്കുന്നതിനുവേണ്ടി ആയത് പുനരാവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |
| (ബി) പ്രവർത്തനസജ്ജമായിട്ടുള്ള അഴീക്കൽ, ബേപ്പൂർ, കൊല്ലം എന്നീ വൻകിടേതര തുറമുഖങ്ങൾ വഴിയുള്ള ചരക്ക് നീക്കം ഗണ്യമല്ലെന്നതിനാൽ കൊച്ചി, വല്ലാർപാടം | (ബി) കൊച്ചിയിൽ നിന്ന് കൊല്ലം, അഴീക്കൽ, ബേപ്പൂർ തുറമുഖങ്ങളിലേക്കുള്ള കണ്ടെയ്നർ നീക്കം പ്രോത്സാഹിപ്പിക്കുന്നതിന് നൽകിവരുന്ന ഇൻസെന്റീവ് പുനരാവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. |

| | | |
|---|---|---|
| | തുടങ്ങിയ വൻകിട തുറമുഖങ്ങളെക്കൂടി ബന്ധിപ്പിച്ചു കൊണ്ടും പ്രവർത്തനസജ്ജമല്ലാത്ത വൻകിടേതര തുറമുഖങ്ങളെക്കൂടി പ്രവർത്തനസജ്ജമാക്കിയും ചരക്കു നീക്കം യാഥാർത്ഥ്യമാക്കുന്നതിന് പരിപാടിയുണ്ടോ; വിശദമാക്കുമോ ; | ഈ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തുറമുഖങ്ങളുടെ വാണിജ്യ സാധ്യത പ്രയോജനപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | തീരദേശം വഴിയുള്ള ചരക്ക് ഗതാഗതം വ്യാപിപ്പിക്കുന്നതിന് മാരിടൈം ബോർഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ ? | (സി) തീരദേശകപ്പൽ ഗതാഗതം സുഗമമാക്കുന്നതിന് കേരള മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ബേപ്പൂർ, അഴീക്കൽ, കൊല്ലം തുറമുഖങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. തീരദേശ ചരക്കു ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നൽകിവരുന്ന ഇൻസെന്റീവ് കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള ശുപാർശ മാരിടൈം ബോർഡ് സമർപ്പിച്ചിട്ടുണ്ട്. തുറമുഖങ്ങളുടെ വാണിജ്യ സാധ്യത വിപുലപ്പെടുത്തുന്നതിനുവേണ്ടി ബന്ധപ്പെട്ട വ്യക്തികൾ / സംഘടനകൾ എന്നിവരുമായി മാരിടൈം ബോർഡിന്റെ നേതൃത്വത്തിൽ ചർച്ച നടത്തി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ